(സി) സംസ്ഥാനത്ത് റവന്യൂ സർവ്വീസിൽ ഡെപ്യൂട്ടി കളക്ടർമാരുടെ ആകെ 130 തസ്തികകൾ ഉണ്ട്; ഇതിൽ 55 എണ്ണം സ്ഥിരം തസ്തികകളും ബാക്കിയുള്ളവ താത്ക്കാലിക തസ്തികകളുമാണ്. നിശ്ചിത സ്പെഷ്യൽ റൂൾസ് പ്രകാരം സ്ഥിരം തസ്തികകളിലുണ്ടാകുന്ന അഞ്ചിലൊന്ന് ഒഴിവുകളിലാണ് നേരിട്ട് നിയമനം നടത്തുന്നത്. ഇപ്രകാരം നേരിട്ട് നിയമനത്തിന് ഉണ്ടാകുന്ന ഒഴിവുകൾ പരമാവധി 11 ആണ്. ശേഷിക്കുന്ന തസ്തികകളിൽ ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തുന്നു.

(ഡി) നേരിട്ട് നിയമനം നടത്തേണ്ട ഡെപ്യൂട്ടി കളക്ടർ തസ്തികകളിൽ പ്രൊമോഷൻ വഴി ആർക്കും തന്നെ നിയമനം നൽകിയിട്ടില്ല.

(ഇ) 11.5.89-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും 1993 ലാണ് ഏറ്റവും അവസാനമായി നേരിട്ട് നിയമനം നടത്തിയത്.

(എഫ്)പ്രസ്തുത റാങ്കു ലിസ്റ്റിൽ നിന്നും 34 പേരെ നിയമിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി.നം.7386/89.ഒ.പി.നം.8928/89 തുടങ്ങിയ കേസുകളിലെ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് 11 ലധികം പേരെ നേരിട്ട് നിയമിക്കേണ്ടിവന്നത്. അവരിൽ ഏഴ് പേർക്ക് ഐ.എ.എസ്. പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ജി)&(എച്ച്) നേരിട്ടുള്ള നിയമനം വഴി ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിയമനം നടത്താൻ ഒഴിവുകൾ ഇല്ല.

## വിതരണത്തിനായി ലഭിച്ച മിച്ചഭൂമി

**114 (3133)**ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിതരണത്തിനായി ഇതുവരെ എത്ര മിച്ചഭൂമി ലഭിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) മിച്ചഭൂമി നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ആർക്കാണ്;

(ഡി) ഏത് മാനദണ്ഡമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രാമസഭകൾക്കും വിട്ടു കൊടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(എഫ്)ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിച്ച് തീരുമാനിക്കുമോ?

### ഉത്തരം

(എ) ഇതുവരെ 139215 ഏക്കർ മിച്ചഭൂമിയായി കണക്കാക്കുകയും അതിൽ 96225 ഏക്കർ ഏറ്റെടുക്കുകയും ചെയ്തു. ഏറ്റെടുത്ത മിച്ചഭൂമിയിൽ 66007 ഏക്കർ വിതരണം ചെയ്തു. 19767 ഏക്കർ പൊതു ആവശ്യത്തിന് നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിൽ മറ്റു തടസ്സങ്ങളൊന്നുമില്ലാതെ വിതരണം ചെയ്യാൻ ഇനി 572 ഏക്കർ ഭൂമി ലഭ്യമാണ്.

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(സി) മിച്ചഭൂമി വിതരണവും, ബന്ധപ്പെട്ട നടപടികളും സാധാരണമായി കൈകാര്യം ചെയ്യുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്. ആ നിലയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്കാണ്.

(ഡി) ഭൂപരിഷ്കരണ നിയമത്തിലെ 96-ാം വകുപ്പനുസരിച്ച് വിതരത്തിന് ലഭ്യമായ മിച്ചഭൂമിയുടെ 50% ഭൂരഹിത കർഷകത്തൊഴിലാളികൾക്കും ബാക്കി 50% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത കർഷകത്തൊഴിലാളികൾക്കും സാമ്പത്തികമായും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുമായി നല്കണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ചാണ് സംസ്ഥാനത്ത് ഇപ്പോൾ മിച്ചഭൂമി വിതരണം നടത്തി വരുന്നത്.

(ഇ)&(എഫ്) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജനപ്രതിനിധികൾ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ ചെയർമാനായുള്ള താലൂക്ക് ലാന്റ് ബോർഡിന്റെ നിയന്ത്രണത്തിലാണ്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രാമസഭകൾക്കും വിട്ടുകൊടുക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

**പാട്ടത്തിന് നൽകിയ ഗവൺമെന്റ് ഭൂമി തിരികെ എടുക്കാൻ നടപടി**

**115(3134)**ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാട്ടത്തിന് കൊടുത്തിരുന്ന എത്ര ഏക്കർ റവന്യൂ ഭൂമി തിരികെ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഭൂമി തിരികെ ഏറ്റെടുക്കണമെന്നും പാട്ടത്തുക വർദ്ധിപ്പിക്കണമെന്നും നിലവിലുള്ള നിയമസഭാ കമ്മിറ്റികൾ നൽകിയ റിപ്പോർട്ടുകളിന്മേൽ സർക്കാർ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 114 ഏക്കർ 47 സെന്റ് 575 സ്കയർ ലിങ്ക്സുള്ള റവന്യൂ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പാട്ടം പുതുക്കാത്ത കേസുകളിൽ പാട്ടക്കാരന് നിശ്ചിത സമയപരിധിക്കുള്ളിൽ പാട്ടം പുതുക്കേണ്ടതാണെന്നും അല്ലെങ്കിൽ പാട്ട ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതാണെന്നും കാണിച്ച് നോട്ടീസ് നൽകുന്നു. അതുപ്രകാരം അപേക്ഷ നൽകിയവരുടെ കാര്യത്തിൽ പാട്ടം പുതുക്കുവാൻ നടപടികൾ എടുത്തുവരുന്നു. പാട്ടം പുതുക്കാൻ അപേക്ഷ നൽകാത്തവരുടെ

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly